ശ്രീമതി ആർ. ലതാദേവി :

ശ്രീ. പി. രാജു :

ശ്രീ. ജോസ് ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിലെ നോൺ-ക്ലറിക്കൽ ടെക്നിക്കൽ ജീവനക്കാരുടെ ശമ്പളത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ധനവകുപ്പ് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമെന്ന ശമ്പള കമ്മീഷൻ റിപ്പോർട്ടിലെ ഉറപ്പ് പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികളായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നോൺ-ക്ലറിക്കൽ ടെക്നിക്കൽ ജീവനക്കാരായി സംസ്ഥാന സർവ്വീസിലെ ഏതെല്ലാം വിഭാഗത്തെയാണ് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ സർവ്വീസ് സംഘടനകളുമായി ധനവകുപ്പ് ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ക്ലാർക്കിതര സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശമ്പള സ്കെയിൽ ഉയർത്തുമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒറ്റ നോട്ടത്തിൽ തരംതിരിക്കാവുന്ന ചില മേജർ വിഭാഗങ്ങൾക്ക് പ്രവേശന സ്കെയിലിൽ 25-11-95-ലെ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം വർദ്ധനവ് നൽകിയിട്ടുണ്ട്. മറ്റ് വിഭാഗങ്ങളെ കണ്ടുപിടിക്കുവാനായി എല്ലാ വകുപ്പദ്ധ്യക്ഷൻമാരിൽ നിന്നും ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞു. അതിന്മേലുള്ള പരിശോധന നടന്നുവരുന്നു.

(ബി) എസ്.എസ്.എൽ.സി./പ്രീ-ഡിഗ്രി അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയ്ക്കുപുറമേ സാങ്കേതിക യോഗ്യതയും പ്രവേശന തസ്തികയ്ക്കുള്ള യോഗ്യതയായി പ്രഖ്യാപിച്ചിട്ടുള്ള ചില തസ്തികകളെയാണ് ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) ഇല്ല. ഇക്കാര്യത്തിൽ ആവശ്യമായ പഠനം ധനവകുപ്പ് നടത്തുന്നതിനാൽ സർവീസ് സംഘടനകളുമായി ചർച്ച നടത്തുന്ന കാര്യം പരിഗണനയിലില്ല.

17 (*542) റെയിൽവേ ലൈൻ വൈദ്യുതീകരണം

ശ്രീ. പി.ജെ. ജോയി :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും റെയിൽവേ ലൈൻ വൈദ്യുതീകരിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളതായി അറിയാമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരം അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ റെയിൽവേയുടെ നിലപാടെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റെയിൽവേ ലൈൻ വൈദ്യുതീകരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ)&(ബി) തിരുവനന്തപുരം-എറണാകുളം റെയിൽവേ ലൈൻ വൈദ്യുതീകരിക്കുന്നതിനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ഇതിനായി 10 ലക്ഷം രൂപ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ റെയിൽവേ അനുകൂലമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ സർവ്വേ ജോലികൾ പൂർത്തിയായിട്ടുണ്ട്. ഡിസംബർ മാസത്തോടുകൂടി പണി തുടങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) സംസ്ഥാന ഗതാഗത വകുപ്പുമന്ത്രിയും വിദ്യുച്ഛക്തി വകുപ്പുമന്ത്രിയും റെയിൽവേ അധികൃതരുമായി ചർച്ചകൾ നടത്തി. അതിന്റെയടിസ്ഥാനത്തിൽ 2009-ാം മാണ്ട് വരെ പവർ ടാരിഫ് (Power Tariff) കൺസഷണൽ റേറ്റിൽ നൽകണമെന്ന ആവശ്യം സർക്കാരിന്റെ പവർ ഡിപ്പാർട്ടുമെന്റ് സജീവമായി പരിശോധിച്ചുവരികയാണ്.

18 (*543) ബസ്സുകളിലെ വനിതാ സീറ്റ് സംവരണം

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. പി.കെ.കെ. ബാവ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളിൽ ഏർപ്പെടുത്തിയിട്ടുള്ള വനിതാ സീറ്റ് റിസർവേഷന്റെ വ്യവസ്ഥകൾ വിശദീകരിക്കുമോ;

(ബി) ബസ്സുകളുടെ ദൂരപരിധി കണക്കിലെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഏതൊക്കെ നമ്പർ സീറ്റുകളാണ് വനിതകൾക്ക് നീക്കിവച്ചിട്ടുള്ളത്;

(ഡി) യാത്രാരംഭംമുതൽ യാത്ര അവസാനിപ്പിക്കുന്നതിന് മുൻപത്തെ സ്റ്റോപ്പിൽ നിന്നുവരെ കയറുന്ന വനിതകൾക്കായി നീക്കിവച്ചിട്ടുള്ള എല്ലാ സീറ്റിലും റിസർവേഷൻ നൽകുമോ;

(ഇ) ഇല്ലെങ്കിൽ ഇടയ്ക്കു വച്ചു കയറുന്ന വനിതകൾക്ക് ഏതൊക്കെ സീറ്റുകളാണ് കണ്ടക്ടർ ഒഴിപ്പിച്ചു നൽകേണ്ടത്;

(എഫ്) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ജി) വനിതാ റിസർവേഷന്റെ വ്യക്തമായ വിവരങ്ങൾ പത്രമാദ്ധ്യമങ്ങൾ വഴി ജനങ്ങളെ അറിയിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ :

LIBRARY ARCHIVES Kerala Legislative Assembly